**നിർമ്മല എച്ച് എസ്**
**കബനിഗിരി**

# ഉണ്മ

**ഡിജിറ്റൽ മാഗസിൻ**



**കണ്ടതും**
**കാണേണ്ടതും.........**

# ആദ്യമൊഴി

**കണ്ടതും കാണേണ്ടതുമായ സത്യങ്ങളെ**
**പരിഗണിക്കുന്നവരിൽ നിന്നാണ്**
**വാക്കിന്റെ ഉറവയുണ്ടാവുക.**
**എഴുതുന്നതെന്തും ഉണ്മയാവുന്നതങ്ങനെയാണ്.**
**അങ്ങിനെ പിറന്നതാണ് ഈ**

ഉണ്മ
ഡിജിറ്റൽ മാഗസിൻ

**നിർമ്മലവിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ്**
**ഈ അക്ഷരച്ചന്തത്തിനു പിന്നിൽ..**
**വായിക്കണം...അഭിപ്രായം പറയണം.....**

**സാദരം**
**പത്രാധിപസമിതി**

# ആശംസാ മൊഴി



നിർമ്മലവിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ
എന്റെ പ്രിയ കുട്ടികൾ കണ്ടതും കാണേണ്ടതുമായ
സത്യങ്ങളെ ഓർമ്മിപ്പിച്ചൊരുക്കിയ ഈ അക്ഷരച്ചന്തം
എനിക്കും ഏറെ ഇഷ്ടപ്പെട്ടു.ഏതൊരു നമ്മയും
പിറക്കുന്നതിനു പിന്നിൽ ഒരു കൂട്ടായ്മയുടെ ബലമുണ്ടാകും.
അതാണ് യഥാർത്ഥത്തിൽ **ഉണ്മ**
ആ ഉണ്മയോടുള്ള അടുപ്പം നിങ്ങളെ ഇനിയും വളർത്തട്ടെ.

സ്നേഹപൂർവം

**ടോമി സാർ**
ഹെഡ്മാസ്റ്റർ

# ആശംസാ മൊഴി

2022-25 ബാച്ച്  ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരുക്കിയ **ഉണ്മ** ഏറെ സന്തോഷിപ്പിച്ചു.

പ്രിയ കുട്ടികൾക്ക് ഒരായിരം **അഭിനന്ദനങ്ങൾ**.....


ഉണ്മയെന്നാൽ സത്യമെന്നാണല്ലോ അർത്ഥം.

സത്യത്തിനെന്നും സൗന്ദര്യമുണ്ട്.**ഉണ്മ**യുടെ ഭംഗി അതു തന്നെയാണ്. നിങ്ങളുടെ വ്യക്തിത്വത്തിലും അതെന്നും നിലനിൽക്കട്ടെ.

സ്നേഹപൂർവം

സിസ്റ്റർ ബിൻസി
ഷാജി മാഷ്
L K M

ഉണ്മ
ഡിജിറ്റൽ മാഗസിൻ



# EDITORIAL BOARD


**MANAGER**

REV.FR.SEBASTIANELAMKUNNEL

**HEADMASTER**

TOMY.N.U

**KITE MISTRESS**

SR.BINCY.V.S

**KITE MASTER**

SHAJI.C.C

**STUDENT LEADERS**

AMRUTHA.N.R
JESLIN THERESA
ALOSHIOUS SHYJU
ADHEENA MARIYA
ARON JO REJI




ഓർമ്മകളിലുണ്ട് പ്രിയ കൂട്ടുകാരാ......

# കബനിഗിരിയുടെ

# നിർമ്മലവെട്ടം

## വിദ്യാലയത്തിന്റെ ചരിത്രവും വർത്തമാനവും

കബനീനദിയുടെ കുഞ്ഞോളങ്ങൾ തട്ടിയുണർത്തുന്ന കൊച്ചു ഗ്രാമം. കബനിഗിരി. കേരളത്തിന്റെ വടക്കുകിഴക്കൻ അതിർത്തിയായി കബനീനദി ചിലപ്പോഴൊക്കെ വേദനിപ്പിച്ചും ചിലപ്പോഴൊക്കെ ആക്രോശിച്ചും വെള്ളം തരാതെ കുറുമ്പുകാട്ടിയും പുൽപ്പള്ളി മേഖലയ്ക്ക് ഒരു പൊന്നരഞ്ഞാണമായി കാവേരിയിൽ ലയിക്കാൻ വെമ്പൽ കൊള്ളുന്നു. കമ്പനിയിലെ ജലസമൃദ്ധി അയൽസംസ്ഥാനമായ കർണാടകയെ സമ്പന്നമാക്കുമ്പോൾ നമ്മൾ ദാഹാർത്തരായി നോക്കിനിന്ന് നെടുവീർപ്പെടുന്നു..ഈ നാടിന്റെ ഏതാണ്ട് 60 വർഷത്തെ ചരിത്രമേ നമുക്കറിയാവൂ.എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ ആരംഭകാലം മുതൽ എത്രയോ നൂറ്റാണ്ടുകളായി ഇവിടെ ജീവിച്ച് മരിച്ച മഹത് ജീവിതങ്ങളുടെയും സംസ്കാരങ്ങളുടെയും വളർച്ചയും തളർച്ചയും നെടുവീർപ്പും വേദനയും വിളിച്ചോതുന്നവയാണ് കബനീനദിയുടെ പ്രാന്തപ്രദേശങ്ങളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ള കല്ലറകളും ,നന്നങ്ങാടികളും. ഭക്ഷ്യയോഗ്യമായിരുന്ന ധാരാളം ഇലച്ചെടികൾ വളർന്നിരുന്ന പ്രദേശമായിരുന്നതിനാൽ കബനീതീരമായ മരക്കടവ് ശപ്പൊള്ളി എന്നായിരുന്നു അറിയപ്പെട്ടിരുന്നത് ഇവിടെനിന്നും കർണാടകയിലേക്ക് മരം കടത്തിയിരുന്നതിനാൽ പിന്നീട് ഈ പ്രദേശം മരക്കടവ് എന്നറിയപ്പെട്ടു. ഇന്നത്തെ കബനിഗിരി ആദ്യകാലഘട്ടത്തിൽ പരപ്പനങ്ങാടി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.മണ്ണിനോടും മലമ്പനിയോടും കാട്ടുമൃഗങ്ങളോടും മല്ലിട്ട് ജീവിച്ചിരുന്ന നമ്മുടെ പൂർവ്വികർ അവരുടെ മക്കളുടെ വിദ്യാഭ്യാസ സ്വപ്നം സാക്ഷാത്കരിക്കാനുള്ള ആഗ്രഹത്തിന്റെ സഫലീകരണമെന്നോണം 1975-ൽ ബഹുമാനപ്പെട്ട ജോസ് കുളിരാനിയച്ചന്റെ നേതൃത്വത്തിൽ സെന്റ്മേരിസ് യു പി സ്കൂൾ സ്ഥാപിതമായി.പിന്നീട് വന്ന വർഷങ്ങളിൽ ഹൈസ്കൂൾ സ്ഥാപിക്കാനുള്ള ശ്രമം നടന്നു. 1980 ഇപ്പോഴത്തെ ഗ്രൗണ്ടിന് വടക്കുഭാഗത്ത് കെട്ടിടത്തിനായി കുഴിയെടുത്തു.



1982 ഏപ്രിൽ മാസത്തിൽ ബഹുമാനപ്പെട്ട ഫാദർ വിൻസന്റ് താമരശ്ശേരിയുടെ നേതൃത്വത്തിലുള്ള കമ്മറ്റിയുടെ പരിശ്രമഫലമായി 1982 ജൂൺ മാസമാണ് ഈ വിദ്യാലയം സ്ഥാപിതമായത്.ബഹു.ഫാ.വിൻസന്റ് താമരശ്ശേരിയെ കൂടാതെ ശ്രീ ജോസഫ്

നരിവേലിയിൽ ,ശ്രീ നെല്ലക്കൽ തോമസ്,പരേതനായ ശ്രീ ഏറത്ത് മത്തായി,പരേതനായ ശ്രീ ജോസഫ് പാറയ്ക്കൽ എന്നിവരുടെ നേതൃത്തത്തിൽ ഇപ്പോൾ ഉള്ള കെട്ടിടം നിർമ്മിച്ചു. അച്ചന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനവും ക്രാന്തദർശിത്വവും ദീർഘവീക്ഷണവും കെട്ടിടനിർമ്മാണ ശൈലിയിൽ മാത്രമല്ല സ്കൂളിന്റെ അനുദിന പ്രവർത്തനങ്ങളിലും ദർശിക്കാനായി.1982 ജൂൺ ഒന്നാം തീയതി മുള്ളൻകൊല്ലി സെന്റ്തോമസ് യു പി സ്കൂൾ അധ്യാപകനായിരുന്ന ബഹുമാനപ്പെട്ട വി.എസ്.ചാക്കോ സാറിന്റെ നേതൃത്വത്തിൽ നിർമ്മല ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു..അന്ന് ആറ് അദ്ധ്യാപകരും,രണ്ട് അനദ്ധ്യാപകരുമായി തുടങ്ങിയ സ്ഥാപനം ഇന്ന് 13 അദ്ധ്യാപകരും,





റവ.ഫാ.സിജോ ഇളംകുന്നപ്പുഴ



റവ.ഫാ.സെബാസ്റ്റ്യൻ ഏലംകുന്നേൽ



എൻ യു ടോമി



ഷിനു കച്ചിറയിൽ

5 അനദ്ധ്യാപകരും,281 കുട്ടികളുമായി,കബനിഗിരിയുടെ വിദ്യാദീപമായി നിലകൊള്ളുന്നു.നിർമ്മല ഹൈസ്കൂളിൽ നൂറ് ശതമാനം റിസൾട്ടുമായി ആദ്യബാച്ചും ഇക്കഴിഞ്ഞ ബാച്ചും(2018) പുറത്തിറങ്ങി.2009-ൽ ഈ വിദ്യാലയത്തിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ആരംഭിച്ചു.ഇപ്പോൾ 8,9,10 ക്ലാസുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളുമുണ്ട്.2012-ൽ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം ബാച്ച് 100% വിജയത്തോടു കൂടിയാണ് പുറത്തിറങ്ങിയത്.കഴിഞ്ഞ അഞ്ച് വർഷങ്ങളിലും 100 ശതമാനം വിജയം നിലനിർത്തിക്കൊണ്ട് വയനാട് ജില്ലയിലെ വിദ്യാഭ്യാസരംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന വിദ്യാപീഠമായി നിർമ്മല വിദ്യാലയം തല ഉയർത്തി നിൽക്കുന്നു.റവ.ഫാ.സിജോ ഇളംകുന്നപ്പുഴ മാനേജരായ മാനന്തവാടി രൂപത കോർപ്പറേറ്റ് ഏജൻസിക്ക് കീഴിലുള്ള ഈ വിദ്യാലയത്തിന്റെ മാനേജറായി റവ.ഫാ.സെബാസ്റ്റ്യൻ ഏലംകുന്നേലും ഹെഡ്മാസ്റ്ററായി എൻ യു ടോമിസാറും സേവനം ചെയ്യുന്നു..ഷിനു കച്ചിറയിൽ ആണ് പി ടി എ പ്രസിഡണ്ട്.




കാണുന്നതും
കേൾക്കുന്നതും
അല്ല നീ...
ഒറ്റ പെയ്ത്തിൽ
ജീവൻ തരുന്നതും
ജീവൻ എടുക്കുന്നതും
സ്വർഗമാകുന്നതും
നരഗമാകുന്നതും
നീ തന്നെയെന്നത്
അത്ഭുതമല്ല
ആനന്ദമാണ്...
സഹനത്തിൻ
മഞ്ഞലിഞ്ഞു
നീരായതാണ് നീ
എന്ന സത്യം
രഹസ്യമായി തന്നെ
പെയ്തൊഴിയട്ടെ

**ചിന്താരത്നം**

അക്ഷരങ്ങൾ ഉപയോഗിക്കുന്ന കലയും അക്കങ്ങൾ ഉപയോഗിക്കുന്ന
ശാസ്ത്രവുമാണ്
ജീവിക്കുന്ന മനുഷ്യരുടെ രണ്ട് കണ്ണുകൾ

തിരുവള്ളുവർ

അയോഫി മരിയ

# നിർമ്മലസൗഹൃദത്തിന്റെ
## എന്റെ വിദ്യാലയം



കബനിഗിരി നിർമല വിദ്യാലയത്തിലേക്ക് എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായി കടന്നുവന്നഎന്റെഅനുഭവങ്ങൾആരംഭിക്കുന്നത് "വേനൽപച്ച"യിലൂടെയാണ്.നവാഗതരായ ഞങ്ങളോടൊപ്പം 9, 10 ക്ലാസിലെ മുതിർന്ന കൂട്ടുകാരും ഒന്നുചേർന്ന് വേനൽപ്പച്ച മനോഹരമായ ഒരു അനുഭവമാക്കി മാറ്റി .മൂന്ന് ദിവസം നീണ്ട നേതൃത്വ പരിശീലന വ്യക്തിത്വ വികസനപരിപാടി ഞങ്ങൾക്ക് ഹൃദ്യമായ ഒരു അനുഭവമായിരുന്നു.നിർമ്മല വിദ്യാലയം സൗഹൃദത്തിന്റെ വിദ്യാലയം ആണെന്ന് ഞങ്ങൾക്ക് തിരിച്ചറിയാനായത് ആദ്യമായി അന്നാണ്. കളി ചിരി ഉല്ലാസങ്ങളുടെ ആ ദിനങ്ങളിൽ ഞങ്ങൾ നന്മ നിറഞ്ഞ കൂട്ട് എന്താണെന്ന് തിരിച്ചറിഞ്ഞു.ഈ വിദ്യാലയത്തിന്റെ അടയാളമായ കയ്യടിയിൽ പോലുംഈ സൗഹൃദത്തിന്റെ ഭംഗിയുണ്ട്.ഞാൻ നിന്നെ സ്നേഹിക്കുന്നു ,ഞാൻ നിന്നെ ബഹുമാനിക്കുന്നു , ഞാൻ നിന്നെ അംഗീകരിക്കുന്നു എന്നിങ്ങനെ അർത്ഥം വരുന്ന മൂന്ന് കയ്യടികളാണ് ഞങ്ങൾ പരസ്പരം അഭിവാദ്യം ചെയ്യാൻ ഉപയോഗിക്കുന്നത് .ഈ കൈയ്യടിയുടെ താളം കബനി നദിയുടെ തീരത്തുള്ള എന്റെ വിദ്യാലയത്തെ സൗഹൃദത്തിന്റെ സുന്ദരമായ ഇടമാക്കി നിലനിർത്തുന്നു.പഠനത്തെ ഉല്ലാസകരമായ ഒരു അനുഭവമാക്കി മാറ്റാൻ ഞങ്ങൾക്ക് സാധിക്കുന്നത് ഈ സൗഹൃദാന്തരീക്ഷം കൊണ്ടാണ്.ബുദ്ധിപരമായ വളർച്ചയ്ക്കൊപ്പം മാനസികമായ ഉല്ലാസത്തിനും പുരോഗതിക്കും ഈ അന്തരീക്ഷം ഞങ്ങൾക്ക് സഹായകമാവുന്നു.

നാലു പതിറ്റാണ്ടുകാലം ഇവിടെ വന്നു പോയ ഞങ്ങളുടെ മുൻ തലമുറയുടെ അനുഭവവും ഇതു തന്നെയാണ്. എന്റെ വിദ്യാലയം എന്റെ സ്വന്തമാണ്..

# ലഹരിക്കെതിരേ
# സമമനം

ലഹരി എന്ന വിപത്തിനെതിരെ ജാഗ്രതയുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ രൂപപ്പെടുത്തുവാൻ വിദ്യാലയ യത്നങ്ങളെ പ്രയോജനപ്പെടുത്തുകഎന്ന ലക്ഷ്യത്തോടെ കബനിഗിരി നിർമ്മല വിദ്യാലയത്തിൽലഹരി വിരുദ്ധ പ്രവർത്തനങ്ങൾ  സുസംഘടിതമായി നടക്കുന്നുണ്ട്.. ലഹരിവിരുദ്ധപക്ഷാചരണത്തെ വിദ്യാലയകുടുംബം സജീവ പ്രവർത്തനങ്ങളാൽ ശ്രദ്ധേയവും അർത്ഥപൂർണവുമാക്കി.

സമമനം 2K23

ജൂൺ 26 മുതൽ ജൂലൈ 9 വരെയുള്ള 15 ദിവസങ്ങളിലെ കർമ്മ പദ്ധതിക്ക് സമ മനം എന്നാണ് പേരിട്ടത്. "ഒരു മനസ്സോടെ ലഹരിക്കെതിരേ .." എന്നതായിരുന്നു ആപ്തവാക്യം.



1.സമമനം സമാരംഭം

"സമമനം " ലഹരിവിരുദ്ധയത്നങ്ങളുടെ ഉദ്ഘാടനം
പി ടി എ പ്രസിഡണ്ട് ശ്രീ ഷിനു കച്ചിറയിലിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ വച്ച് വയനാട് ജില്ലാപഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ
ശ്രീമതി ബീന കരിമാംകുന്നേൽ ഉദ്ഘാടനം ചെയ്തു.

2. സമമനം : വിദ്യാർത്ഥി വേദി
ഓരോ ക്ലാസിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി വിദ്യാർത്ഥി വേദി രൂപപ്പെടുത്തി.
" നിരന്തരം ലഹരിക്കെതിരെ ; ഞങ്ങൾക്ക് ജീവിതം ലഹരി" എന്നതാണ് ഈ വേദിയുടെ മുദ്രാവാക്യം. രോഹിത് വി.വി. പ്രസിഡണ്ടായുംഅമൃത എൻ.ആർ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. പ്രതിവാരയോഗങ്ങളും ചർച്ചകളും പ്രവർത്തന പദ്ധതി രൂപീകരണവും അവലോകനവും നിരന്തരം നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്.



.

3. ലഹരി വിരുദ്ധ അസംബ്ലി :ജൂൺ 26
സമമനം വിദ്യാർത്ഥി വേദിയുടെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ദിനത്തിൽപ്രത്യേക അസംബ്ലി നടത്തി. കുമാരി അനീന സന്ദേശം നൽകി.ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു.

**നേട്ടം**

**മാനന്തവാടി കോർപ്പറേറ്റിനു കീഴിലെ ഹൈസ്കൂളുകളിൽ ഏറ്റവും മികച്ച ലഹരിവിരുദ്ധ പ്രവർത്തനത്തിനുള്ള അവാർഡ് നിർമ്മല വിദ്യാലയം സ്വന്തമാക്കി**

**4. ലഹരിക്കെതിരെ ഒരു നാടൻപാട്ട്**

**വിദ്യാർത്ഥികളിലേക്ക് ലഹരി വിരുദ്ധ സന്ദേശമെത്തിക്കുവാൻ സമ മനം വേദിയിലെ പ്രവർത്തകർ നാടൻ പാട്ടൊരുക്കി. ക്ലാസ് മുറികളിലും അസംബ്ലിയിലും ഈ ഗീതം ആലപിച്ചത് ഏറെ ശ്രദ്ധേയമായി മാറി**



**4. ലഹരിവിരുദ്ധ സന്ദേശപ്പൂവാടി (ജൂൺ 26 )**

**കടലാസു കൊണ്ട് മനോഹര പുഷ്പങ്ങൾ നിർമ്മിച്ച വിദ്യാർത്ഥികൾ അതിന്റെ ഇതളുകളിൽ ലഹരി വിരുദ്ധ സന്ദേശം എഴുതിയാണ് 26 ന് എത്തിയത്. കൂട്ടുകാർക്ക് ഈ സന്ദേശ പുഷ്പങ്ങൾ കൈമാറി. അതിനു ശേഷം വിദ്യാലയ മുറ്റത്ത് വിദ്യാർത്ഥികൾ ഒന്നിച്ചണിനിരന്നപ്പോൾ അക്ഷരാർത്ഥത്തിൽഅത് ലഹരിവിരുദ്ധ സന്ദേശപ്പൂവാടിയായി മാറി.**

**5. ലഹരിക്കെതിരേ സ്നേഹമതിൽ**

**വിദ്യാലയത്തെയും സമൂഹത്തെ തന്നെയും ലഹരിപ്പടയുടെ കടന്നുകയറ്റത്തിൽ നിന്ന് പ്രതിരോധിക്കുന്നതിന്റെ പ്രതീകാത്മക അവതരണമായി വിദ്യാർത്ഥികൾ വിദ്യാലയത്തിനു ചുറ്റും സ്നേഹമതിൽ നിർമിച്ചു. മാതാപിതാക്കളും, ജീവനക്കാരുമെല്ലാം മതിലിനു ബലമേകാൻ അണിനിരന്നു.**

**6." ദൃഢനിശ്ചയത്തിന്റെ കൈയ്യൊപ്പ്"**




**ലഹരി വിരുദ്ധ വേദിയുടെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരേ " ദൃഢനിശ്ചയത്തിന്റെ കൈയ്യൊപ്പ്" എന്ന പ്രചരണ പരിപാടി ആരംഭിച്ചു. വിദ്യാലയത്തിനു മുൻപിലൊരുക്കിയ ഒപ്പു പ്രതലത്തിൽ മാതാപിതാക്കളുടെ പ്രതിനിധികളും, വിദ്യാർത്ഥികളും, സ്കൂൾ ജീവനക്കാരും ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തതിനു തെളിവായി കൈയ്യൊപ്പു ചാർത്തി. പി ടി എ പ്രസിഡണ്ട് ഷിനു കച്ചിറയിൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ എൻ .യു.ടോമി, ബെന്നി. കെ.ജെ, ഷിജി തോമസ് സംസാരിച്ചു.ബിനു എം.ടി, ശ്രീജ ഫിലിപ്പ്, ലഹരി വിരുദ്ധ വേദി ലീഡേഴ്സായ രോഹിത് വി.വി, അമൃത  എൻ.ആർ എന്നിവർ നേതൃത്വം നൽകി.**

**7.ലഹരിക്കെതിരേ സ്നേഹാക്ഷരങ്ങൾ**



**സമ മനം പദ്ധതിയുടെ ഭാഗമായി "ലഹരിക്കെതിരേ സ്നേഹാക്ഷരങ്ങൾ " പരിപാടി നടത്തി. "ഞങ്ങളിലൂടെ നന്മ സന്ദേശം ആയിരം കുടുംബങ്ങളിലേക്ക്" എന്ന ലക്ഷ്യം മുന്നിൽ കണ്ട് വിദ്യാർത്ഥികൾ എഴുതിയ പോസ്റ്റുകാർഡുകൾ ബന്ധുമിത്രാദികൾക്ക് അയച്ചു. ഹെഡ്മാസ്റ്റർഎൻ.യു. ടോമി. ഉദ്ഘാടനം ചെയ്തു. ബെന്നി. കെ.ജെ, സ്കൂൾ ലീഡർ അയോണ ഹെലൻ മാത്യൂസ്,സിസ്റ്റർബിൻസി,എലിസബത്ത്തേക്കാനത്ത് എന്നിവർ സംസാരിച്ചു.**

**8. സർഗം : ലഹരി വിരുദ്ധ സാഹിത്യ മത്സരം**
**ലഹരിവിരുദ്ധ സന്ദേശങ്ങളിലൂന്നിയ സാഹിത്യരചന മത്സരം നടത്തി. വ്യത്യസ്തമായി ചിന്തിച്ച് സർഗപരമായ പ്രതിരോധ പ്രചരണങ്ങളിലേക്ക് കുട്ടികളെ വളർത്താൻ ഈ പരിപാടി ഉപകാരപ്പെട്ടു.**

**9. വെളിച്ചം: അയൽക്കൂട്ടങ്ങളിൽ ലഹരി വിരുദ്ധ സന്ദേശം**
**ലഹരി വിമുക്ത സന്ദേശം സമൂഹ മനഃസാക്ഷിയിലേക്ക് വെളിച്ചമായി പകർത്തി വിദ്യാർത്ഥികൾ മാതാപിതാക്കളുടെ സഹായത്തോടെ അയൽക്കൂട്ടങ്ങളിലേക്കെത്തി . മുതിർന്നവരോട് ഉറച്ച ശബ്ദത്തിൽ സന്ദേശാവതരണം നടത്തിയ വിദ്യാർത്ഥികൾ ഏറെ പ്രശംസ പിടിച്ചുപറ്റി.**





**10. സ്റ്റാറ്റസ്ചലഞ്ച്**




**ലഹരി വിരുദ്ധ സന്ദേശം സ്റ്റാറ്റസ് ആയി നൽകാൻ നൽകിയ നിർദ്ദേശം വിദ്യാർത്ഥികൾ ഏറ്റെടുത്തപ്പോൾ സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള ലഹരി വിരുദ്ധ പ്രചരണം എന്ന ലക്ഷ്യത്തിൽ ഭംഗിയായൊരു ചുവടുവയ്പ്പായത് മാറി.**

**11. ലഹരിക്കെതിരെ എന്റെ ശബ്ദം: FUTURE VOICE**
**27ന് ചൊവ്വാഴ്ച കുട്ടികളുടെ ബന്ധുമിത്രാദികൾ കുട്ടികളുടെ ശബ്ദം കേട്ടാണ് ഉണർന്നത്. ലഹരിക്കെതിരേ നിലപാടെടുക്കുന്ന കുട്ടികളുടെ ശബ്ദം മറ്റുള്ളവരെ പ്രചോദിപ്പിക്കുന്ന ഭാവി ശബ്ദമായി മാറി.**

**12. ഒരുമ വെട്ടം**
**ഭവനങ്ങൾ ലഹരി വിമുക്ത മനോഭാവത്തിന്റെ ഐക്യവേദിയാവുക എന്ന ലക്ഷ്യത്തോടെ ജൂലൈ 1 ന് വിദ്യാർത്ഥികളും മാതാപിതാക്കളും ഭവനങ്ങളിൽ ദീപം കൊളുത്തി ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു.**







**ലഹരിയുടെ മായാവിലാസങ്ങളിൽ ഇടറാതെ മുന്നേറാൻ തങ്ങളെന്നും ശ്രദ്ധിക്കുമെന്ന ദൃഢനിശ്ചയത്തിന്റെ നിർമ്മലഭാവം ഒരിക്കലും മാഞ്ഞു പോകില്ല എന്ന പ്രതിജ്ഞയാണ് ഈ വിദ്യാലയം എന്നും ഏറ്റുപറയുന്നത്.. ലഹരി വിമുക്ത ഭാവിക്കായുള്ള ആശയ പ്രചരണം ഇനിയും സജീവമായി തുടരണമെന്നത് സമമനത്തിന്റെ ഉറപ്പാണ്. മാനേജ്മെന്റും അധ്യാപക അനധ്യാപക വൃന്ദവും മാതാപിതാക്കളും കുട്ടികൾക്ക് പിന്തുണയായ് എന്നും കൂടെയുണ്ട്..**

Book Review -

# 'PERSONALITY DEVELOPMENT '

This book seeks to motivate young means and women particularly students , to make conscious and continuous effort to build character and develop personality.  With deep insight , the author has provided the youngsters , the commonsense guidelines on achieving their full physical , mental and emotional potential . Provided valuable guidelines and practical steps on matters of special interest to students . Further , the author has given them the benefit of experience , his own as well as those of eminent persons . Considering the significant role of teachers and parents and their responsibility in moulding young minds , it is hoped that this book will be welcomed by them too.





**Aaron paul**

# മൊഴി

**ആതിര എസ് കുമാർ**

ചിത്രശലഭങ്ങൾ അവളോട്
കഥ പറഞ്ഞു തുടങ്ങി....
കീഴടക്കിയ ആകാശ
ഗോപുരങ്ങളുടെ കഥ....
പക്ഷെ,
അവൾക്കു പറയാനുണ്ടായിരുന്നത്
പൊളിച്ചുപണിത
സ്വപ്ന ഗോപുരത്തേയും
നാവ് പിഴുതെടുക്കാൻ ശ്രമിച്ച
സമൂഹത്തേയും കുറിച്ച്
മാത്രമായിരുന്നു......



# അരുവി



ചിതറിതെറിച്ച മൺ
തീരതണയുന്ന കല്ലുകൾ
പോലെ ആ ജീവിതങ്ങൾ.
ഒരു പുഷ്പം എന്നിലെ
നോവുകൾ കണ്ടപ്പോൾ
സ്നേഹത്തിൻ
നെടുവീർപ്പെന്തിനാവോ........
ജീവിതം തട്ടിതെറിച്ച്
മൺ തീരത്തണയുന്നിതാ.
സൂര്യൻ മറഞ്ഞുപോയി
ദുഃഖങ്ങൾ ആകുമോ
ജീവിതം തീരാദുഃഖം


അലക്സ് സെബാസ്റ്റ്യൻ

# ഒരു കൊച്ചു കാഴ്ച്ച

ഒഴുകി കൊണ്ടിരിക്കുന്ന അരുവി
പുഞ്ചിരിച്ചുനിൽക്കുന്ന കൊച്ചുപൂക്കൾ
കളിക്കുന്ന മീൻ കുഞ്ഞുങ്ങൾ,
ആകാശത്ത് പക്ഷികൾ
കൊയത്തിനൊരുങ്ങിയ നെൽപാടങ്ങൾ
എത്ര സുന്ദരമെൻ പ്രദേശം

ശ്രീദേവി

# ബഷീർ ക്വിസ്



'ഒന്നും ഒന്നും ഇമ്മിണി ബല്യ ഒന്ന്' 'എന്ന പ്രയോഗം ബഷീറിന്റെ ഏത് നോവലിലാണ് ഉള്ളത്?
ബാല്യകാലസഖി
ആകാശമിട്ടായി കഥാപാത്രമാകുന്ന ബഷീറിന്റെ നോവൽ ഏത്?
പ്രേമലേഖനം
ബഷീർ സൃഷ്ടിച്ച സാങ്കല്പിക ഗ്രാമത്തിന്റെ പേര്?
കടുവക്കുഴി ഗ്രാമം
"വെളിച്ചത്തിനെന്തു വെളിച്ചം" എന്ന വാക്യം ഏത് കൃതിയിൽ നിന്നുള്ളതാണ്?
ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു
ഒരു മരം ബഷീറിന്റെ ജീവിതത്തിലും സാഹിത്യത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ട് ഏതാണ് ആ മരം?
മാങ്കോസ്റ്റിൻ
കേന്ദ്രസാഹിത്യ അക്കാദമി ഫെലോഷിപ്പ് നേടിയ ആദ്യ മലയാളി?
വൈക്കം മുഹമ്മദ് ബഷീർ
ബഷീർ രചിച്ച ബാലസാഹിത്യ കൃതി ഏതാണ്?
സർപ്പയജ്ഞം
വൈക്കം മുഹമ്മദ് ബഷീർ ജനിച്ചത് എന്നാണ്?
1908 ജനുവരി 21
ബഷീർ അന്തരിച്ച വർഷം?
1994 ജൂലൈ 5
ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്നത് ആരാണ്?
വൈക്കം മുഹമ്മദ് ബഷീർ
വൈക്കം മുഹമ്മദ് ബഷീറിനെ സുൽത്താൻ എന്ന് വിശേഷിപ്പിച്ചത് ആര്?
വൈക്കം മുഹമ്മദ് ബഷീർ തന്നെ
ഒന്നും ഒന്നും ചേർന്നാൽ എത്രയെന്നാണ് ബഷീറിന്റെ കഥാപാത്രം ഉത്തരം നൽകിയത്?
ഇമ്മിണി ബല്യ ഒന്ന്
കൊച്ചു നീലാണ്ടൻ, പാറുക്കുട്ടി എന്നീ ആനകൾ കഥാപാത്രങ്ങളായ ബഷീറിന്റെ കൃതി ഏത്?
ആനവാരിയും പൊൻകുരിശും
"ഗുത്തിനി ഹാലിട്ട ലിത്താപ്പോ സഞ്ജിനി ബാലിക ലുട്ടാപ്പി" ബഷീറിന്റെ ഏത് നോവലിലാണ് ഈ പാട്ട് ഉള്ളത്?
ന്റുപ്പുപ്പാപ്പക്കൊരാനെണ്ടാർന്നു
മുച്ചീട്ടുകളിക്കാരന്റെ മകൾബഷീറിന്റെ ആത്മകഥയുടെ പേരെന്താണ്?
ഓർമ്മയുടെ അറകൾ
മൂക്ക് കേന്ദ്രകഥാപാത്രമായ ബഷീർ കൃതി ഏതാണ്?
വിശ്വവിഖ്യാതമായ മൂക്ക്
ബഷീർ പ്രസിദ്ധീകരിച്ച വാരികയുടെ പേര്?
ഉജ്ജീവനം
മജീദും സുഹറയും കഥാപാത്രങ്ങളായി വരുന്ന ബഷീറിന്റെ നോവൽ ഏത്?
ബാല്യകാലസഖി



# സുന്ദരം

**അമൃത എൻ ആർ**


പുലരികളിൽ ചെടിയിൽ നിന്നു
വെള്ളിക്കുമിള ഉരുകിയുരുകി
മണ്ണിലലിഞ്ഞു ചേരുമ്പോഴും
ജീവിതം എത്രയോ സുന്ദരം
അരുണന്റെ ദീപ്തമുനകൾ
പതിക്കുമ്പോൾ
അവയെ സമാധാനത്തിന്റെ താക്കോലായ്
നിനയ്ക്കുമ്പോൾ
ജീവിതം എത്രയോ സുന്ദരം
കാർമേഘം മൂടിക്കെട്ടി
നിൽക്കുമ്പൊഴും, കുളിരു ചൊരിയുന്ന
അനുഭൂതിയാം
മഴയായതു മാറുമെന്ന പ്രതീക്ഷയിൽ
ജീവിതം സുന്ദരം

**ചിന്താരത്നം**

**If you look at what you have in life, you'll always have more. If you look at what you don't have in life, you'll never have enough.**

**Oprah Winfrey**

# വായനക്കാരന്റെ ആട്



**ആഷ്ന ജെന്റി**

വൈക്കം മുഹമ്മദ് ബഷീറിൻറെ പ്രശസ്തമായ നോവലാണ് പാത്തുമ്മയുടെ ആട്. 1959 ൽ പ്രസിദ്ധീകരിച്ച ഈ നോവലിന് പെണ്ണുങ്ങളുടെ ബുദ്ധി എന്നൊരു പേരും ബഷീർ നിർദ്ദേശിച്ചിരുന്നു മാനസിക രോഗത്തിന് ചികിത്സയും വിശ്രമവുമായി വൈക്കത്തിനടുത്ത് തലയോലപ്പറമ്പിലുള്ള കുടുംബ വീട്ടിൽ കഴിയവേ 1954ൽ ബഷീർ ഇത് എഴുതുന്നത്. ബഷീറിൻറെ അമ്മയും സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന കൂട്ടുകുടുംബം ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈനംദിന സംഭവവികാസങ്ങൾ തനതു ശൈലിയിൽ വിവരിക്കുകയാണ്. ബഷീർ ഈ നോവലിൽ. ആ വീട്ടിലെ ഓരോ കുടുംബാംഗവും ബഷീറിൻറെ സഹോദരി വളർത്തുന്ന ആട് പോലും ഈ നോവലിലെ കഥാപാത്രങ്ങളാണ്. 1954 ഏപ്രിൽ 27-ന് എഴുതിതീർന്നു. നോവലിലെ പ്രധാന കഥാപാത്രമാണ് പാത്തുമ്മ. പേര് സൂചിപ്പിക്കും പോലെ ഈ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിലെ കഥയുടെ കിടപ്പ് . ബഷീറിൻറെ രണ്ട് സഹോദരിമാരിൽ മൂത്തത് പാത്തുമ്മ യാണ്. പാത്തുമ്മയും ഭർത്താവ് കൊച്ചുണ്ണിക്കും ഖദീജ എന്നൊരു മകളുണ്ട്. ബഷീറിൻറെ സഹോദരങ്ങളിൽ തറവാട്ടിൽ നിന്ന് മാറിത്താമസിക്കുന്നത് പാത്തുമ്മ മാത്രമാണ്. എങ്കിലും എല്ലാ ദിവസവും രാവിലെ തന്നെ മക്കളെയും കൂട്ടി അവർ തറവാട്ടിലെത്തും. അവരുടെ വരവ് ഒരു 'സ്റ്റൈലിലാണ്'എന്നാണ് ബഷീർ പറയുന്നത്. പാത്തുമ്മ എപ്പോഴും പറയുന്ന ഒരു വാചകമുണ്ട്'എൻറെ ആട് പെറട്ടെ, അപ്പൊ കാണാം' . പാത്തുമ്മയെ കാര്യമായ വിദ്യാഭ്യാസമൊന്നുമില്ല. എങ്കിലും കുടുംബത്തിൻറെ വളർച്ചയ്ക്ക് വേണ്ടി കഠിനാധ്വാനം ചെയ്യുന്ന സ്ത്രീയാണവർ. പാത്തുമ്മ പറഞ്ഞിരുന്നതുപോലെ ഒരിക്കൽ പാത്തുമ്മയുടെ ആട് പെറ്റു. ആട്ടിൻ പാൽ വിറ്റുകിട്ടുന്ന പണംകൊണ്ട് വീടിൻറെ വാതിൽ നന്നാക്കുന്നതുൾപ്പെടെ പലതും ചെയ്യണമെന്ന് പാത്തുമ്മ വിചാരിച്ചിരുന്നു. പക്ഷേ, തൻറെ കുടുംബക്കാർ ക്കുവേണ്ടി ആടിൻറെ പാൽ കൈക്കൂലിയായി പാത്തുമ്മക്ക് ഉപയോഗിക്കേണ്ടി വന്നു. ഒരിക്കൽ ബഷീറിനെ തൻറെ വീട്ടിലേക്ക് ക്ഷണിക്കുന്നു. പത്തിരിയും കരൾ വരട്ടിയതും വെച്ച് സൽ ക്കരിക്കുന്നു. എന്നാൽ പാത്തുമ്മയുടെ മറ്റു സഹോദരങ്ങളായ അബ്ദുൽ ഖാദറിനും ഹനീഫക്കും ഇത് സഹിക്കാൻ പറ്റുന്നില്ല. പാത്തുമ്മയുടെ ഭർത്താവ് അവർക്കു നൽകാനുണ്ടായിരുന്ന പണത്തിന് പേരിൽ ഭർത്താവിനെയും പാത്തുമ്മയേയും മക്കൾ ഖദീജയേയും ഒന്നും രണ്ടും മൂന്നും പ്രതികളാക്കി കേസെടുക്കുമെന്നും ആടിനെ ജപ്തിചെയ്യിക്കുമെന്നും സഹോദരങ്ങൾ ഭീഷണിപ്പെടുത്തി. അങ്ങനെയാണ് പാത്തുമ്മക്ക് ആട്ടിംപാൽ കൈക്കൂലിയായി ഉപയോഗിക്കേണ്ടി വന്നത്. കൈക്കൂലിയായി നേരെ കിട്ടുന്ന പാലിനു പുറമേ, പാത്തുമ്മ അറിയാതെ ആടിൻ്റെ പാൽ അവർ കറന്നെടുക്കുകയും ചെയ്തിരുന്നു. ഇങ്ങനെ വളരെ രസകരമായ ഈ നോവൽ എനിക്ക് വളരെ ഇഷ്ട്ടമായി. എന്നെ ഈ നോവൽ വളരെയധികം സന്തോഷിപ്പിക്കുകയും ചെയ്തു.



# കൊതി മാറാത്ത പായസം

ദിൽഹാര

ഇൻസ്റ്റാഗ്രാമിൽ പോസ്റ്റ് ചെയ്ത ചിത്രങ്ങൾക്ക് ലൈക് കുന്ന് കൂടുകയാണ്. ഒരുപാട് ഒണാശംസകൾ വാട്സാപ്പിലും ഇൻസ്റ്റയിലും മറ്റുമായി വന്നിട്ടുണ്ട്. പക്ഷെ ഒന്നിനും മറുപടി കൊടുത്തില്ല. അവർ ആരും തന്നെ ഒരു മറുപടി കാക്കുന്നും ഇല്ല.അല്ല... താൻ ഈ ചിത്രങ്ങൾ പോസ്റ്റ് ചെയ്തതും ആശംസകൾ നൽകാനോ വാങ്ങാനോ ആയിരുന്നില്ലല്ലോ.ഓണം പ്രമാണിച്ച് പുറത്തിറങ്ങുന്ന തന്റെ പുതിയ സിനിമയുടെ പ്രൊമോഷൻ വർക്കിന്റെ ഭാഗം മാത്രം.

കണ്ണുകൾ പതുക്കെ ചുവരിലെ പഴയ ഒരു ഓണക്കാല ഫോട്ടോയിലേക്ക് നീങ്ങി.പായസത്തിന്റെ മധുരം പോലെ ഓർമ്മകൾ പതുക്കെ നുണയാൻ തുടങ്ങി.

"അമ്മേ... പൂക്കളം ഞങ്ങൾ ഏറ്റട്ടോ..."

"സദ്യ കഴിക്കാൻ നേരം എല്ലാരും ഇങ്ങെത്തും.. ഏടത്തീ നമുക്ക് അമ്പലത്തീന്ന് വേഗം ഇറങ്ങാമേ..."

ഓണക്കാലത്തു വീട്ടിൽ നിന്ന് ഇത്തരം സംഭാഷണങ്ങൾ പതിവാണ്.അത്തം മുതൽ പത്തു ദിവസവും ഒരുത്സവം ആണ്. മാവേലി, പൂക്കളം, സദ്യ, ഓണക്കോടി, കളികൾ ചിരികൾ.. ഓ.. അങ്ങനെ എന്തെല്ലാം...എന്നാൽ ഇന്നോ... എല്ലാം തേൻ കിനിയും ഓർമകൾ മാത്രം. നഗരത്തിന്റെ വീർപ്പുമുട്ടലുകളിൽ തട്ടി ചിതറി വന്ന വർത്തമാനകാലത്തിന്റെ തണുത്തകാറ്റാണ് ചിന്തകൾക്ക് വിരാമമിട്ടത്. ചുവരിൽ തൂങ്ങുന്ന ആ ചിത്രത്തിലേക് നോക്കി ചുണ്ടുകൾ പുഞ്ചിരിച്ചു. ഹൃദയം പതുക്കെ മന്ത്രിച്ചു... ഓണാശംസകൾ.

# കരിയില

ഓണമെന്നു കേട്ടാൽ അരി പായസത്തിന്റെ നറുമണമാണ് ഓർമ്മയിൽ വരുക. വാഴയിലയിൽ നിന്ന് കഴിക്കുന്ന പായസത്തിന് പ്രത്യേക രുചിയാണ്.തിരുവോണത്തിന്റെ അന്ന് മാത്രം കാണാം ചില കളിക്കൂട്ടുകാരെയും ,കറിക്കൂട്ടുകളും .എന്നാൽ വടം, ജയിക്കുന്നവരുടെ പക്ഷത്താണോ തോൽക്കുന്നവരുടെ പക്ഷത്താണോ എന്ന സംശയം ഇനിയും ബാക്കിയാണ് .പൂക്കളെ അവരുടെ സമ്മതത്തോടെ പറിച്ചെടുക്കുമ്പോൾ അവയുടെ ഇളം പുഞ്ചിരി അത്തപൂക്കളത്തിന് മിഴിവേകുമെന്ന സത്യം തെളിയും.അപരിചിത മുഖങ്ങൾക്ക് ചെറുപുഞ്ചിരിയിലൂടെ നല്ല പുതിയ ബന്ധം പണിയുന്ന കാലം ഓർമ്മയിൽ നിന്ന് കൊഴിഞ്ഞു തുടങ്ങിയിരിക്കുന്നു.പഴയ കാലമല്ല ഇന്ന് എന്ന വാക്കു മാത്രം എവിടെയും അവശേഷിക്കുന്നു

മരിയ ജോസഫ്

# യാത്ര

സ്നേഹ സെബാസ്റ്റ്യൻ




കൊച്ചി എന്ന അതിമനോഹരമായ ഒരു നഗരത്തിലേക്ക് ആണ് ഞങ്ങൾ യാത്ര പോയത്. പപ്പയും അമ്മയും ഞാനും അനിയത്തിയും പപ്പയുടെ കൂട്ടുകാരൻ മാരും അവരുടെ കുടുംബവും ആയിട്ടാണ് യാത്രയ്ക്ക് പോയത്. ഞങ്ങൾ എല്ലാവരും വൈകുന്നേരം ഇവിടുന്ന് പോയിട്ട് രാവിലെ അവിടെ എത്തി. എല്ലാവരും പ്രഭാത ഭക്ഷണം കഴിച്ചു. ഞങ്ങളുടെ യാത്ര കടലും കായലും കൂടിച്ചേരുന്ന കൊച്ചിയിലേക്ക് ആയിരുന്നു. അവിടെ ഒന്നരമണിക്കൂർ ബോട്ടിൽ യാത്ര ചെയ്തു. കുറച്ചകലെയായി കപ്പലുകൾ നിർത്തിയിട്ടിരിക്കുന്നത് കാണാമായിരുന്നു പിന്നെ ഞങ്ങൾ വണ്ടർലാ വാട്ടർ തീം പാർക്ക് ലേക്ക് പോയി. അവിടെ ഞങ്ങൾ കുറെ റൈഡുകളിൽ കയറി സിമ്മിങ് പൂളിൽ കുറേനേരം കളിച്ചു. നല്ലൊരു അനുഭവം തന്നെയായിരുന്നു അത്. വൈകുന്നേരമായപ്പോൾ ഞങ്ങൾ ഒരു പള്ളിയിൽ പോയി പ്രാർത്ഥിച്ചു. പള്ളി കാണാൻ അതിമനോഹരമായിരുന്നു. അവിടുന്ന് ഞങ്ങൾ ലുലുമാളിൽ പോയി അന്ന് ആദ്യമായാണ് ഞാൻ എസ്കലേറ്ററിൽ കയറുന്നത്. അവിടുന്ന് കുറച്ച് സാധനങ്ങൾ മേടിച്ചു. അവിടുന്ന് ഭക്ഷണം കഴിച്ച് ഞങ്ങളുടെ യാത്ര തിരിച്ചു. പിറ്റേ ദിവസം രാവിലെ ഞങ്ങൾ വീട്ടിലെത്തി. മറക്കാനാവാത്ത ഒരു അനുഭവം തന്നെയായിരുന്നു അത്. എല്ലാവരും നല്ല സന്തോഷത്തിൽ ആയിരുന്നു.

# ജീവിതത്തിന്റെ കൈയൊപ്പുകൾ



ഹരി നന്ദന



അവൾ ഞാൻ കൊടുത്ത പാത്രം തട്ടിതെറിപ്പിച്ചപ്പോഴാണ് ഞാൻ എന്റെ ഭൂത കാലത്തെ ഓർമകൾ ഓർത്തെടുക്കുന്നത് മോളേ അമ്മു നീ എന്താണീ ചെയ്തത് ഒരു നേരത്തെ അന്നത്തിനു വേണ്ടി കരയുന്ന എത്രയോ പേർ നമുക്കു ചുറ്റും ഉണ്ട്. അതിന് ഒരു ഉദാഹരണം തന്നെയായിരുന്നു നിന്റെ അമ്മ.

അമ്മയോ?

അതെ മോളെ. ..


പക്ഷേ അമ്മ

ഞാൻ പറഞ്ഞു തരാം എന്റെ അച്ഛൻ നാരായണനും അമ്മ ഭാവാനിക്കും പിറന്ന ഏക ഒരു മകളാണ് ഞാൻ അച്ഛൻ മറ്റുള്ളവരിൽ നിന്നും കടം വാങ്ങിച്ച് വാങ്ങിച്ച് ഒടുവിൽ പണം കൊടുക്കാൻ ഇല്ലാതെ ആയപ്പോൾ ഞങ്ങളുടെ വീട് വരേ ജപ്തി ചെയ്തു അങ്ങനെ ഞങ്ങൾക്ക് എല്ലാവരുടേയും മുന്നിൽ യാചിക്കേണ്ടി വന്നു. ഞങ്ങൾക്ക് പണം ഉണ്ടായിരുന്ന കാലത്തെല്ലാം ബന്ധുക്കളും, നാട്ടുകാരും എല്ലാവരും ഉണ്ടായിരുന്നു എന്നാൽ ഞങ്ങളുടെ കയ്യിൽ ഒന്നും ഇല്ല എന്നറിഞ്ഞതും എല്ലാവരും ഞങ്ങളിൽ നിന്നും പതിയെ പതിയെ അകലാൻ തുടങ്ങി അങ്ങനെ ഒരു നേരത്തെ അന്നത്തിനു വേണ്ടി കരഞ്ഞ ഒരു പാട് നാളുകൾ അമ്മയുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട് വെറും പച്ചവെള്ളം മാത്രം കുടിച്ച് ജീവിച്ച ഒരു പാട് നാളുകൾ . 'ഹും ' അതൊന്നും ഓർക്കാനെ വയ്യ ഇനി അമ്മു ഇങ്ങനെ ചെയ്യരുതട്ടോ,

ഇല്ല അമ്മേ ഇനി ഞാൻ ഭക്ഷണം തട്ടി തെറിപ്പിക്കുകയില്ല.

" ഒരു നേരത്തെ അന്നത്തിനു വേണ്ടി പോരാടുന്ന ഒത്തിരി പേർ നമുക്കു ചുറ്റും ഉണ്ട് ആഹാരം പാഴാക്കരുത്

നന്ദി.....



ഉണ്മ തിളങ്ങുന്ന

എല്ലാ കൂട്ടിനും

ഒത്തിരി നന്ദി........